## പത്രക്കുറിപ്പ്

# കടപ്പനക്കുന്ന്, കുര്യാത്തി, കാലടി എന്നീ വാർഡുകളിലെ പുതിയ കണ്ടെയിൻമെന്റ് സോണുകളായ ഭാഗങ്ങൾ അടച്ചു. ലോക്ക്ഡൗൺ വിലക്ക് ലംഘനം നടത്തിയ 30 പേർക്കെതിരേയും, മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാത്ത 10 വാഹനങ്ങൾക്കെതിരെയും നിയമനടപടികൾ സ്വീകരിച്ചു.

## ക്വാറന്റൈനിൽ കഴിയുന്നവർക്കായി പ്രത്യേക സൈബർസെൽ നിരീക്ഷണം

തിരുവനന്തപുരം:- തലസ്ഥാനത്തെ ക്രിട്ടിക്കൽ കണ്ടെയിൻമെന്റ് സോണുകളിലും നഗരത്തിലെ കണ്ടെയിൻമെന്റ് സോണുകളിലും അതിർത്തി അടച്ചുള്ള കർശന പരിശോധനകളും നിരീക്ഷണങ്ങളും തുടരുന്നതിനോടൊപ്പം കടപ്പനക്കുന്ന്, കുര്യാത്തി, കാലടി എന്നീ വാർഡുകളിലെ പുതുതായി പ്രഖ്യാപിച്ച കണ്ടെയിൻമെന്റ് സോണുകളിലും കർശന നിരീക്ഷണം ഏർപ്പെടുത്തിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. കോവിഡ്-19 സുരക്ഷാമാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ആളുകളെ കണ്ടെത്തുന്നതിനായുള്ള നഗരത്തിലെ പോലീസ് നിരീക്ഷണം സമ്പർക്കവ്യാപനത്തിന്റെ തീവ്രതയ്ക്ക് അനുസരിച്ച് കർശനമായി തുടരുന്നതാണ്. തലസ്ഥാനത്ത് ഇന്നലെ (09.08.2020) ലോക്ക്ഡൗൺ വിലക്ക് ലംഘനം നടത്തിയ 30 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ് 2020 പ്രകാരം കേസ്സെടുത്തു. മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ യാത്ര ചെയ്ത 10 വാഹനങ്ങൾക്കെതിരേയും നിയമനടപടികൾ സ്വീകരിച്ചു.

കുടപ്പനക്കുന്ന്, കുര്യാത്തി, കാലടി എന്നീ വാർഡുകളിലെ പുതിയ കണ്ടെയിൻമെന്റ് സോണുകളായ ഭാഗങ്ങൾ അടച്ചു.

ഹാർവിപുരം ഫസ്റ്റ് ലെയിൻ എൻട്രി, ഹാർവിപുരം സെക്കന്റ് ലെയിൻ എക്സിറ്റ് പോയിന്റ്, കുര്യാത്തി റൊട്ടിക്കട ജംഗ്ഷൻ എൻട്രി & എക്സിറ്റ് പോയിന്റ്, കാലടി കാവാലി ജംഗ്ഷൻ എൻട്രി പോയിന്റും മരുതൂർക്കടവ് എക്സിറ്റ് പോയിന്റും.

നഗരത്തിൽ പുതുതായി കണ്ടെയിൻമെന്റ് സോണായി പ്രഖ്യാപിച്ച പേരൂർക്കട പോലീസ് സ്റ്റേഷൻ പരിധിയിലുള്ള കുടപ്പനക്കുന്ന് വാർഡിലെ കണ്ടെയിൻമെന്റ് സോൺ, ഫോർട്ട് പോലീസ് സ്റ്റേഷൻ പരിധിയിലുള്ള കുര്യാത്തി വാർഡിലെ കണ്ടെയിൻമെന്റ് സോൺ, കാലടി വാർഡിലെ കണ്ടെയിൻമെന്റ് സോൺ എന്നിവിടങ്ങളിൽ ശക്തമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തി. ഇവിടേക്ക് കടന്നു വരുന്ന വഴികൾ പോലീസ് ബാരിക്കേഡ് വച്ച് പൂർണ്ണമായും അടച്ചു. ഹാർവിപുരം ഫസ്റ്റ് ലെയിൻ റോഡ്, ഹാർവിപുരം സെക്കന്റ് ലെയിൻ റോഡ്, ഊന്നാമ്പാറ ഹാർവിപുരം റോഡ്, ഹാർവിപുരം എ.കെ.ജി നഗർ റോഡ്, ഹാർവിപുരം സ്മശാനം റോഡ്, കുര്യാത്തി കെ.എം മണി റോഡ്, കാലടി – കാവാലി ജംഗ്ഷൻ റോഡ്, മരുതറ ജംഗ്ഷൻ റോഡ്, ഇളംതെങ്ങ് ജംഗ്ഷൻ റോഡ്, പുളീടമൂട് ജംഗ്ഷൻ റോഡ്, കരിപ്ര ലെയിൻ – കാവാലി റോഡ്, കരിപ്ര ലെയിൻ – മരുതൂർക്കടവ് ജംഗഷൻ റോഡ് എന്നീ റോഡുകളാണ് അടച്ചത്.

ഇവിടേയ്ക്ക് ആരെയും പ്രവേശിക്കാൻ അനുവദിക്കില്ല. മെഡിക്കൽ ആവശ്യങ്ങൾക്ക് അല്ലാതെ ആരെയും പുറത്തേക്ക് വിടുന്നതുമല്ല. മെഡിക്കൽ സർവ്വീസ് വിഭാഗത്തിൽ ഉളളവർക്കും, പോലീസ് ഉദ്യോഗസ്ഥർക്കും, ശുചീകരണ തൊഴിലാളികൾക്കും മാത്രമേ പുറത്ത് പോകാൻ

അനുവാദമുള്ളൂ. മറ്റുള്ള ഒരു ഉദ്യോഗസ്ഥരെയും പുറത്ത് വിടുന്നതല്ല. മെഡിക്കൽ സ്റ്റോറുകൾ ഈ സോണിൽ തുറന്നു പ്രവർത്തിക്കാം. അതുപോലെ പലചരക്ക്, പഴം-പച്ചക്കറി കടകൾ നിശ്ചിതസമയക്രമവും കർശന സുരക്ഷാമാനദണ്ഡങ്ങളും പാലിച്ച് പ്രവർത്തിക്കാവുന്നതാണ്. തുറന്നു പ്രവർത്തിക്കാൻ അനുവദിച്ചിട്ടുള്ള കടകൾ രാവിലെ 07.00 മുതൽ വൈകുന്നേരം 04.00 മണി വരെ മാത്രമേ തുറന്നു പ്രവർത്തിക്കാൻ അനുവദിക്കുകയുള്ളൂ. ഇവിടങ്ങളിൽ യാതൊരുവിധ ഹോം-ഡെലിവറിയും അനുവദിക്കുന്നതല്ല. അത്യാവശ്യ മെഡിക്കൽ സേവനങ്ങൾക്കായി പുറത്തു പോകുന്നതിനും അകത്തേക്ക് വരുന്നതിനുമായി എൻട്രി-എക്സിറ്റ് പോയിന്റ് ക്രമീകരിച്ചിട്ടുണ്ട്. ഹാർവിപുരം ഫസ്റ്റ് ലെയിൻ റോഡ് എൻട്രിയും, സെക്കന്റ് ലെയിൻ റോഡ് എക്സിറ്റ് പോയിന്റും, റൊട്ടിക്കട ജംഗ്ഷൻ ഇവിടുത്തെ എൻട്രി-എക്സിറ്റ് പോയിന്റും, കാവാലി ജംഗ്ഷൻ എൻട്രി പോയിന്റും, മരുതൂർക്കടവ് ജംഗ്ഷൻ ഇവിടുത്തെ എക്സിറ്റ് പോയിന്റും.

പൊതുജന ജാഗ്രതാ നിർദ്ദേശങ്ങൾ

നഗരത്തിലേയും തീരപ്രദേശങ്ങളിലേയും സമ്പർക്കവ്യാപന തോത് കുറയാത്ത സാഹചര്യത്തിൽ പൊതുജനങ്ങൾക്കായി നിർദ്ദേശിച്ചിട്ടുള്ള പൊതുമാനദണ്ഡങ്ങളെല്ലാം തന്നെ കർശനമായി തുടരേണ്ടതാണ്. പൊതുസ്ഥലങ്ങളിൽ ജനങ്ങൾ കൃത്യമായും സാമൂഹ്യഅകലം പാലിച്ചിരിക്കണം. യാതൊരു കാരണവശാലും ആളുകൾ കൂട്ടം കൂടുന്ന സാഹചര്യം ഉണ്ടാകാൻ പാടില്ല. മാസ്ക്, സാനിറ്റൈസർ, 6 അടി അകലം തുടങ്ങിയവ പൊതുസ്ഥലങ്ങളിൽ നിർബന്ധമായും പാലിക്കേണ്ടതാണ്. കച്ചവടക്കാർ തങ്ങളുടെ കടയിൽ എത്തുന്നവർക്കായി സാനിറ്റൈസറും സോപ്പും വെള്ളവും കൃത്യമായി കരുതേണ്ടതും

സാധനങ്ങൾ വാങ്ങാൻ എത്തുന്നവർ ഇത് ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. പുറത്ത് പോയി വീട്ടിൽ തിരികെ വരുന്നവർ സോപ്പ്, സാനിറ്റൈസർ എന്നിവ ഉപയോഗിച്ച് കൈകളും മറ്റും വൃത്തിയാക്കേണ്ടതാണ്. പരമാവധി വീട്ടുസാധനങ്ങൾ അവരവരുടെ വീട്ടിനടുത്തുള്ള സ്ഥലങ്ങളിൽ നിന്നും വാങ്ങേണ്ടതാണ്. നിർദ്ദേശങ്ങൾ പാലിക്കാത്ത കടകൾക്കും പൊതുജനങ്ങൾക്കുമെതിരെ കേരളാ പകർച്ചവ്യാധി നിയന്ത്രണ ഓർഡിനൻസ് – 2020 പ്രകാരം കർശന നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

## ക്വാറന്റൈനിൽ കഴിയുന്നവർക്കായി പ്രത്യേക സൈബർസെൽ നിരീക്ഷണം

വീടുകളിൽ ക്വാറന്റൈനിൽ കഴിയുന്നവരുടെ നിരീക്ഷണം ഉറപ്പ് വരുത്തുന്നതിനായി തിരുവനന്തപുരം സിറ്റി സൈബർ സെൽ വിഭാഗം പ്രൈമറി സമ്പർക്കപ്പട്ടികയിലുള്ളവരുടെ ഗൂഗിൾ മാപ്പിംഗ് തയ്യാറാക്കി തുടങ്ങിയിട്ടുണ്ട്. ഇതിനോടൊപ്പം ക്വാറന്റൈനിൽ കഴിയുന്ന ആളുകളുടെ നിരീക്ഷണം ഉറപ്പാക്കുന്നതിനായി പ്രത്യേകമായി തയ്യാറാക്കിയ ആപ് ഉപയോഗിച്ച് സിറ്റി സൈബർസെൽ കർശന നിരീക്ഷണം ഏർപ്പെടുത്തിയിരിക്കുകയാണ്. പുതുതായി കോവിഡ് പോസിറ്റീവ് റിപ്പോർട്ട് ആയിട്ടുള്ള ആളുകളുടെ പ്രൈമറി, സെക്കന്ററി തരം തിരിച്ചുള്ള സ്പെഷ്യൽ ടീമിന്റേയും അവരെ നിരീക്ഷിക്കുന്നതിനുള്ള സ്പെഷ്യൽ ടീമിന്റേയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് 24 മണിക്കൂറും പ്രവർത്തിക്കുന്ന കോവിഡ് കൺട്രോൾ റൂം സിറ്റി പോലീസ് ആസ്ഥാനത്ത് കമ്മീഷണറുടെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നു.

കോവിഡ് സമ്പർക്ക വ്യാപനം ദിനംപ്രതി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ തലസ്ഥാനത്തെ

തീരപ്രദേശങ്ങൾ ഉൾപ്പെടുന്ന ക്രിട്ടിക്കൽ കണ്ടയിൻമെന്റ് സോണുകളിലും നഗരപ്രദേശങ്ങളിലെ കണ്ടയിൻമെന്റ് സോണുകളിലും അതിർത്തികൾ അടച്ചുകൊണ്ടുള്ള പോലീസ് നിരീക്ഷണവും പരിശോധനയും രാത്രിയും പകലും ശക്തമായി തുടരും. സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി പോലീസ് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളോട് പൊതുജനങ്ങൾ പൂർണ്ണമായും സഹകരിക്കണം. രോഗവ്യാപനം തടയുന്നതിനായി ജാഗ്രതാ നിർദേശങ്ങൾ എല്ലാപേരും പാലിക്കണമെന്നും, വിലക്ക് ലംഘനം നടത്തുന്നവർക്കെതിരെ വിട്ടുവീഴ്ചയില്ലാതെ നിയമ നടപടികൾ സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

തിരുവനന്തപുരം സിറ്റി
09-08-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

09/08/20

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി

OFFICE OF THE COMMISSIONER OF POLICE
Government of Kerala
THIRUVANANTHAPURAM CITY